നം.ഇ.എക്സ്.എ1/36500/2023/സിജിഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം,തീയതി: 09/01/2024
cgeasection@gmail.com
ഫോൺ നം.: 0471- 2546815/816

**പ്രേഷകൻ**
**സെക്രട്ടറി**
**പരീക്ഷാഭവൻ**

**സ്വീകർത്താവ്**
**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം :- പൊതുപരീക്ഷകൾ-എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2024 - സാമൂഹ്യശാസ്ത്രം പരീക്ഷ- ചോദ്യപേപ്പർ ഘടന -സംബന്ധിച്ച്

സൂചന:- എസ്.സി.ആർ.ടി ഡയറക്ടറുടെ 21/11/2023 തീയതിയിലെ കത്ത്

.........

2024 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. സാമൂഹ്യശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പർ ഘടനയിൽ എസ്.സി.ഇ.ആർ.ടി വരുത്തിയ ക്രമീകരണങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 2024 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന മുഴുവൻ കുട്ടികൾക്കും (മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നട മാധ്യമങ്ങൾ), സാമൂഹ്യശാസ്ത്ര വിഷയം പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും ഈ വിവരം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സെക്രട്ടറി**

പകർപ്പ് :

1) വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2) സിസ്റ്റം മാനേജർ (iExaMS മുഖേന പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
3) എ6- സെക്ഷൻ
4) കരുതൽ ഫയൽ

STATE COUNCIL OF EDUCATIONAL RESEARCH AND TRAINING
SCERT Kerala
Vidyabhavan, Poojappura, Thiruvananthapuram - 695 012
Phone: 0471 - 2341883, 2340323, fax: 0471-2341869
E-mail: scertkerala@gmail.com, web: www.scert.kerala.gov.in

21.11.2023

പ്രേഷകൻ

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി. കേരളം

സ്വീകർത്താവ്

**സെക്രട്ടറി**
പരീക്ഷാഭവൻ

സർ,

**വിഷയം :- 2024 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

## എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2024

### സാമൂഹ്യശാസ്ത്ര പരീക്ഷയിലെ ക്രമീകരണങ്ങൾ

2024 മാർച്ചിൽ നടക്കാനിരിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉള്ളടക്ക ഭാരവും കുട്ടികളുടെ പരീക്ഷാസമ്മർദവും ലഘൂകരിക്കുന്നതിനായി സാമൂഹ്യ ശാസ്ത്ര ചോദ്യപേപ്പറിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

സാമൂഹ്യശാസ്ത്ര പരീക്ഷാപേപ്പറിൽ എ, ബി എന്നിങ്ങനെ രണ്ടു ഭാഗങ്ങൾ ഉണ്ടായിരിക്കും. രണ്ട് ഭാഗങ്ങൾക്കും 40 സ്കോറുകളാണ് നൽകിയിരിക്കുന്നത്. 'എ' വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും നിർബന്ധമായും ഉത്തരമെഴുതേണ്ടതാണ്. 'ബി' വിഭാഗത്തിലുള്ള ചോദ്യങ്ങളിൽ നിന്ന് നിശ്ചിത എണ്ണം തിരഞ്ഞെടുത്ത് ഉത്തരം എഴുതുന്നതിന് അവസരം ലഭിക്കും.

സാമൂഹ്യശാസ്ത്രത്തിന് രണ്ട് പാഠപുസ്തകങ്ങളാണ് നിർദേശിച്ചിരിക്കുന്നത്. സാമൂഹ്യശാസ്ത്രം ഒന്നിലും സാമൂഹ്യശാസ്ത്രം രണ്ടിലും 40 സ്കോർ വീതമുള്ള ചോദ്യപേപ്പറിൽ 'എ', 'ബി' എന്നിങ്ങനെ രണ്ട് പാർട്ടുകൾ ഉണ്ട്. പാർട്ട്

‘എ’ യിൽ 40 സ്കോറും പാർട്ട് ‘ബി’ യിൽ 40 സ്കോറുമാണുള്ളത്. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് ‘എ’യിൽ നൽകിയിട്ടുള്ളത്. തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് ‘ബി’ യിൽ ഉള്ളത്. (വിശദാംശങ്ങൾ : എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ ലഭ്യമാണ്. (www.scertkerala.gov.in)).

## സാമൂഹ്യശാസ്ത്രം - I

പാർട്ട് എ - 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)
നിർബന്ധമായും പഠിക്കേണ്ട പാഠഭാഗങ്ങൾ

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | പൊതുഭരണം | രാഷ്ട്ര തന്ത്ര ശാസ്ത്രം | 4 | |
| 2 | സമരവും സ്വാതന്ത്ര്യവും | ചരിത്രം | 5 | |
| 3 | കേരളം ആധുനികതയിലേക്ക് | ചരിത്രം | 4 | |
| 4 | സ്വാതന്ത്ര്യാനന്തര ഇന്ത്യ | ചരിത്രം | 4 | |
| 5 | സമൂഹശാസ്ത്രം എന്ത് ? എന്തിന് | സമൂഹ ശാസ്ത്രം | 3 | 20 |

## സാമൂഹ്യശാസ്ത്രം - I

പാർട്ട് ബി - 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)
തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ *അല്ലെങ്കിൽ* ലോകം ഇരുപതാം നൂറ്റാണ്ടിൽ | ചരിത്രം | 6 | |
| 2 | ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും *അല്ലെങ്കിൽ* സംസ്കാരവും ദേശീയതയും | ചരിത്രം | 6 | |
| 3 | രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും *അല്ലെങ്കിൽ* പൗരബോധം | രാഷ്ട്രതന്ത്ര ശാസ്ത്രം | 8 | 20 |

## സാമൂഹ്യശാസ്ത്രം - II

പാർട്ട് എ - 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)

നിർബന്ധമായും പഠിക്കേണ്ട പാഠഭാഗങ്ങൾ

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ | സാമ്പത്തിക ശാസ്ത്രം | 4 | |
| 2 | ഇന്ത്യ - സാമ്പത്തിക ഭൂമിശാസ്ത്രം | ഭൂമി ശാസ്ത്രം | 5 | |
| 3 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമി ശാസ്ത്രം | 7 | |
| 4 | ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും | സാമ്പത്തിക ശാസ്ത്രം | 4 | 20 |

## സാമൂഹ്യശാസ്ത്രം - II

പാർട്ട് ബി - 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)

തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | ഋതുഭേദങ്ങളും സമയവും *അല്ലെങ്കിൽ* കാറ്റിന്റെ ഉറവിടം തേടി | ഭൂമി ശാസ്ത്രം | 8 | |
| 2 | പൊതുചെലവും പൊതുവരുമാനവും *അല്ലെങ്കിൽ* ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തിക ശാസ്ത്രം | 8 | |
| 3 | ആകാശകണ്ണുകളും അറിവിന്റെ വിശകലനവും *അല്ലെങ്കിൽ* ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ | ഭൂമി ശാസ്ത്രം | 4 | 20 |

ഡയറക്ടർ